കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതശിശു വികസന വകുപ്പ്- കാതോർത്ത് പദ്ധതി- 2025-26 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന (ബി) വകുപ്പ്

**G.O.(Rt)246/2025/WCDD** **Dated,02/06/2025**

എ.എസ് നമ്പർ : AS/WCD/25/42566 കാലാവധി : 31/03/2026

AS/WCD/25/42566

പരാമർശം:- 1. വനിതശിശു വികസന ഡയറക്ടറുടെ 21.03.2025, 28.05.2025-ലെ DWCD/1879/2025-WEC4 നമ്പർ കത്ത്.

2. 03.04.2025-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പു യോഗത്തിന്റെ തീരുമാനം.

<u>ഉത്തരവ്</u>

സമൂഹത്തിൽ വിവിധതരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഓൺ ലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി വനിതശിശു വികസന വകുപ്പ് തലത്തിൽ നടപ്പാക്കി വരുന്നു. ടി പദ്ധതി നടപ്പാക്കുന്നതിനായി ഓൺ ലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. സമൂഹത്തിൽ വിവിധതരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കു പരാതി സമർപ്പിക്കുന്നതിനു ബന്ധപ്പെട്ട കാര്യാലയങ്ങളിൽ പോകാതെ സ്വന്തം താമസസ്ഥലത്തു നിന്നു തന്നെ ഓൺ ലൈനായി കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ 48 മണിക്കൂറിനകം ലഭ്യമാക്കുന്നതിനു പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിലൂടെ അവർക്ക് യാത്രാക്ലേശം, സമയനഷ്ടം എന്നിവ ഒഴിവാക്കുന്നതോടൊപ്പം അപേക്ഷകൾക്ക് അടിയന്തര പരിഹാരം ലഭ്യമാക്കുവാനും കഴിയുന്നു.

<u>പ്രവർത്തനം</u>

സേവനം ആവശ്യമായ സ്ത്രീകൾക്ക് പദ്ധതിയ്ക്കായി പ്രത്യേകം രൂപീകരിച്ച kathorthu.wcd.kerala.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതും, കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ അടിസ്ഥാനമാക്കി തരം തിരിച്ച് കൗൺസിലിംഗിനുള്ള സമയം നിശ്ചയിച്ച് ബന്ധപ്പെട്ട കൺസൾട്ടന്റ്മാർക്ക് കൈമാറുകയും ടി വിവരം അപേക്ഷകയെ ഓൺ

ലൈനായി അറിയിക്കുകയും ആയതു പ്രകാരം ഓൺ ലൈനായി കൺസൾട്ടന്റ്മാരുടെ സേവനം അപേക്ഷകയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതുമാണ്.

<u>സേവനം</u>

ഓൺ ലൈൻ കൺസൾട്ടേഷന ലീഗൽ ആന്റ് സൈക്കോളജിക്കൽ കൗൺസിലേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ പാനൽ തയ്യാറാക്കുകയും ഇവരുടെ സേവനം പോർട്ടൽ മുഖേന ലഭ്യമാക്കുകയും ചെയ്യുന്നതാണ്. പോലീസ് സഹായം ആവശ്യമുള്ള പക്ഷം Women cell ന്റെ സേവനവും പോർട്ടൽ മുഖേന ലഭിയ്ക്കുന്നതാണ്. കൺസൾട്ടേഷൻ ഫീസായി ഒരു പരാതി കൈകാര്യം ചെയ്യുന്നതിന് 350/- രൂപ നിരക്കിൽ തുക അനുവദിയ്ക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ സമൂഹത്തിൽ വിവിധതരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്ന ഓൺ ലൈൻ കൺസൾട്ടേഷൻ പദ്ധതി 2025-26 സാമ്പത്തിക വർഷം നടപ്പാക്കുന്നതിനും, എല്ലാ ജില്ലകളിലുമായി 5000 ഓൺ ലൈൻ കൺസൾട്ടേഷന് ആവശ്യമായ 17,50,000/- രൂപ (പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) (5000*350) നടപ്പ് സാമ്പത്തിക വർഷം 2235–02–103–68–03 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനും ഭരണാനുമതി നല്കി ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 03.04.2025-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശിപാർശ അംഗീകരിച്ചിട്ടുണ്ട്.

(3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്ത്രീകൾക്ക് കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്ന ഓൺ ലൈൻ കൺസൾട്ടേഷൻ പദ്ധതിയായ കാതോർത്ത് പദ്ധതി 2025-26 സാമ്പത്തിക വർഷം നടപ്പാക്കുന്നതിനും, ഒരു കൺസൾട്ടേഷന് 350/-രൂപ നിരക്കിൽ 5000 ഓൺലൈൻ കൺസൾട്ടേഷന് ആവശ്യമായ 17,50,000/- രൂപ (പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ് വർഷം 2235–02–103–68–03 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനും ഭരണാനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

AS/WCD/25/42566

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കാതോർത്ത് പദ്ധതി 2025 26 ഭരണാനുമതി | 17,50,000 |
| ആകെ (പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ) | | **17,50,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വനിതശിശു വികസന (എ) വകുപ്പ്.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.10 03:19:12 +05:30

AS/WCD/25/42566